**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1756/ 18/ ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം , 27 .06.2018.

പരാമർശം - 1) ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.10.2017- ലെ 2-ാം നമ്പർ തീരുമാനം

2) ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.02.2018 -ലെ കത്ത്

3) ഗ്രാമവികസന കമ്മീഷണറുടെ 29/01/2018 ലെ 4902/ എച്ച് & റ്റി2/ 13/ സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലും ഉള്ളതും ശ്രീകൃഷ്ണപുരം വില്ലേജിലെ ബ്ലോക്ക് നം. 68 ൽ റീസർവ്വെ നം.66/2 ലുള്ളതുമായ 0.6860 ഹെക്ടർ ഭൂമിയിൽ നിന്നും 20 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തി കൊണ്ട് ശ്രീകൃഷ്ണപുരം ഗ്രാമന്യായാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പരാമർശം (1) പ്രകാരം തീരുമാനിച്ച് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ മുഖേന സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീകൃഷ്ണപുരം വില്ലേജിലെ ബ്ലോക്ക് നം. 68 ൽ റീസർവ്വെ നം.66/2 ലുള്ളതുമായ 0.6860 ഹെക്ടർ ഭൂമിയിൽ നിന്നും 20 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തി കൊണ്ട് ശ്രീകൃഷ്ണപുരം ഗ്രാമ ന്യായാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗ അനുമതി നൽകാൻ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രസിഡന്റ്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്
സെക്രട്ടറി, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ